<u>പ്രസിദ്ധീകരണത്തിന്</u>

തിരുവനന്തപുരം
14-05-2015

# വൈദ്യുതി നിയമം ഭേദഗതി ബിൽ പിൻവലിക്കണം -കോൺഫെഡറേഷൻ

വൈദ്യുതി നിയമം ഭേദഗതി ബിൽ കേന്ദ്ര സർക്കാർ പിൻവലിക്കണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) തിരുവനന്തപുരം ഡിവിഷൻ ജനറൽ ബോഡി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഈ ഭേദഗതി പ്രാവർത്തികമായാൽ വൈദ്യുതി മേഖല തകരും. 500 MW ൽ കൂടുതലുള്ള വലിയ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്നത് സ്വകാര്യ കുത്തകകളായിരിക്കും. ഗ്രാമീണ മേഖലയിൽ വൈദ്യുതി വിതരണം ഏറ്റെടുക്കാൻ ആരും വരാത്ത സാഹചര്യം ഉണ്ടാകും. ഇലക്ട്രിസിറ്റി ബോർഡുകൾക്ക് വൻ ബാധ്യതയും കറന്റ് ചാർജിൽ വർദ്ധനവ് ഉണ്ടാകുമെന്നും യോഗം ചർച്ച ചെയ്തു.

ഇന്നിവിടെ തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ നടന്ന കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) തിരുവനന്തപുരം ഡിവിഷൻ ജനറൽ ബോഡി ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു. ഭാരവാഹികളായ വി.ഗോപകുമാർ, ആർ.അജിത്കുമാർ, നെയ്യാറ്റിൻകര പ്രദീപ്, എ.രവീന്ദ്രൻ, കാർമലസ്, ഷിബു എന്നിവർ സംസാരിച്ചു.

Sibykutty


സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578